# ക്രിസ്തീയ അടിസ്ഥാനദൈവശാസ്ത്രം

*പാസ്റ്റർ എം. വി. ചാക്കോ*

**പെ**ന്തെക്കോസ്തു ദിവസം പത്രോസ് പ്രസംഗിച്ച അടിസ്ഥാന ചിന്തകൾ ക്രിസ്തീയ സഭയുടെ അടിസ്ഥാന ഉപദേശങ്ങളാണ്. ചിലർ അത് ഏഴ് ഉപദേശങ്ങൾ എന്ന് പഠിപ്പിക്കാറുണ്ട്. സൂക്ഷ്മമായി പഠിച്ചാൽ അതിൽ ഒൻപത് അടിസ്ഥാന ചിന്തകൾ കാണാം. ഒന്ന് മാനസാന്തരം, രണ്ട് പാപമോചനം, മൂന്ന് സ്നാനം, നാല് പരിശുദ്ധാത്മദാനം, അഞ്ച് വക്രതയുള്ള തലമുറയിൽ നിന്നുള്ള രക്ഷ അഥവാ വേർപാട്, ആറ് അപ്പോസ്തൊലിക ഉപദേശം, ഏഴ് കൂട്ടായ്മ, എട്ട് അപ്പം നുറുക്ക്, ഒൻപത് പ്രാർത്ഥന.

ഉപദേശം എന്നതിന് ഇംഗ്ലീഷിൽ doctrine എന്നാണ് പദം. എബ്രായ മൂലപ്രതിയിൽ ഉപദേശം എന്നതിന് മൂന്നു പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ആദ്യപദം ലെക്വാച്ച് (leqach) എന്നതാണ്. അതിന് പ്രാപിക്കുക, പ്രാപിച്ചത് എന്നർത്ഥം. മഴപോലെ എന്റെ ഉപദേശം പൊഴിയും (ആവ 32:2). എന്റെ ഉപദേശം നിർമ്മലം എന്ന് ഇയ്യോബ് പറഞ്ഞതിനെ സോഫർ കുറ്റപ്പെടുത്തിയതായി ഇയ്യോബ് 11:4–ൽ വായിക്കുന്നു. എന്റെ ഉപദേശം നിങ്ങൾ ഉപേക്ഷിക്കരുത് എന്ന് സദൃശ്യവാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു (4:2). മനോവിഭ്രമം ഉള്ളവർ ജ്ഞാനം ഗ്രഹിക്കുകയും പിറുപിറുക്കുന്നവർ ഉപദേശം പഠിക്കുകയും ചെയ്യും എന്ന് യെശയ്യാവ് പറയുന്നു (29:24). ഇവിടെയെല്ലാം ലെക്വാച്ച് എന്ന പദമാണ്.

രണ്ടാമത്തെ പദം മുസ്സാർ (musar) എന്നതാണ്. അതിന് ശാസന, പ്രബോധനം എന്നർത്ഥം (യിരമ്യ. 10:8).

മൂന്നാമത്തെ പദം ഷെമുആ (shemuah) എന്നാണ്. കേട്ടത് എന്നർത്ഥം (യെശയ്യ. 28:9).

ഗ്രീക്കു മൂലപ്രതികളിൽ മൂന്നു പദങ്ങളാണ് പ്രധാനമായി ഉപയോഗിച്ചിരിക്കുന്നത്. ഒന്ന്, ഡിഡാസ്ക്കലിയ (didaskalia). അതിന് പഠിപ്പിക്കൽ എന്നർത്ഥം. (മത്താ 15:9, എഫേ. 4 :14, കൊലൊ. 2:22, 1 തിമൊ. 1:10). രണ്ട്, ഡിഡാക്കേ ഇത് ക്രിയാപദമാണ്. പഠിപ്പിക്കുക എന്നർത്ഥം (മത്താ 7:28, 16:12, റോമ 6:17). മൂന്ന്, ലോഗോസ്, വചനം എന്നർത്ഥം. സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം എന്ന ഭാഗത്ത് ഈ പദം ഉപയോഗിച്ചിരിക്കുന്നു. എബ്രാ. 6:1. ലാറ്റിൻ ഭാഷയിൽ ഡോട്രിന (doctrina) എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അതിൽ നിന്നുമാണ് doctrine എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്.

സഭയുടെ നാഥനായ ക്രിസ്തു എബ്രായ ഭാഷയിൽ റബ്ബി അഥവാ ഗുരു എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഒരു യഥാർത്ഥ യഹൂദൻ ന്യായപ്രമാണത്തിൽ നിന്നും പഠിച്ചവനാകയാൽ അവൻ കുരുടന്മാർക്ക് വഴികാട്ടിയും, ഇരുട്ടിലുള്ളവർക്ക് വെളിച്ചവും, മൂഢന്മാരെ പഠിപ്പിക്കുന്നവനും ശിശുക്കൾക്ക് ഉപദേഷ്ടാവും ആയിരിക്കും എന്ന് പൗലോസ് പറഞ്ഞിട്ടുണ്ട് (റോമ 2:17–20, ആവ 6:7, 4:9, സദൃശ്യ 22:6). ഒരു ക്രിസ്തു ശിഷ്യൻ വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്കേണ്ടതാണ് (1തിമൊ. 4:13).

നമ്മുടെ കർത്താവ് പറഞ്ഞത് ഓർക്കുക; ‘‘എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റെയത്രേ…’’ (യോഹ. 7:16,17). യേശു പള്ളിയിൽ ഉപദേശിച്ചു (മത്താ 13:53,54). ദൈവാലയത്തിൽ ഉപദേശിച്ചു. (യോഹ. 7:14,15, 3:2) ക്രിസ്തുവിന്റെ ഉപദേശം എന്ന ഒരു ആശയം ആദിമ സഭയിൽ ഉണ്ടായിരുന്നു (യോഹ. 2:9). ഇതിന് രണ്ട് അർത്ഥങ്ങളുണ്ട്. ഒന്ന് ക്രിസ്തുവിനെക്കുറിച്ചുള്ള പാഠങ്ങൾ, രണ്ട് ക്രിസ്തു പഠിപ്പിച്ച പാഠങ്ങൾ.

## ഉപദേശരൂപം

അലങ്കാര ഭാഷയിൽ ദൈവത്തിന്റെ ഉപദേശം വെളിപ്പെടുത്തിയ സന്ദർഭങ്ങൾ സ്മരിക്കുന്നത് നല്ലതാണ്. ‘‘മഴപോലെ എന്റെ ഉപദേശം പൊഴിയും; എന്റെ വചനം മഞ്ഞുപോലെയും സസ്യത്തിന്മേൽ മാരിപോലെയും ചൊരിയും’’ (ആവ 32:2). ഇത് ഉപദേശത്തിന്റെ അനുഗ്രഹത്തെ സൂചിപ്പിക്കുന്നു. എന്റെ ഉപദേശം നിർമ്മലം എന്ന് ഇയ്യോബ് പറഞ്ഞതിനെ സോഫർ കുറ്റപ്പെടുത്തി. ഇയ്യോ 11:4. ഞാൻ നിങ്ങൾക്ക് സൽബുദ്ധി ഉപദേശിച്ചു തരുന്നു; എന്റെ ഉപദേശം നിങ്ങൾ ഉപേക്ഷിക്കരുത്. സദൃശ്യ 4:2. ഇത് ദൈവഭക്തനായ ഒരു അപ്പന്റെ ഉപദേശമാണ്. മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്ന് യെശയ്യാവ് പറഞ്ഞതിനെ (29:13), കർത്താവ് ഉദ്ധരിക്കുന്നു. മത്താ 15:9. ഹൃദയം ദൈവത്തിൽ നിന്നും അകന്ന് അധരംകൊണ്ട് മാത്രം ബഹുമാനിക്കുന്നവരുടെ കാര്യമാണിത്. യെഹ. 33:31. ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ എന്ന് പൗലോസ് പറഞ്ഞിരിക്കുന്നു. എഫേ 4:14. ക്രിസ്തുവിശ്വാസത്തിൽ വരുന്ന ഒരാൾ ശിശു അനുഭവത്തിലാണ് വരുന്നത്. അവൻ രക്ഷയ്ക്കായി വളർന്ന് ക്രിസ്തു എന്ന തലയോളം വളരണം. 1കൊരി. 3:1, 1പത്രോ 2:1–3. മാനുഷ കല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി. പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്ക് കീഴ്

പ്പെടുന്നത് എന്ത്? കൊലൊ 2:21. ഈ ചോദ്യം താല്ക്കാലിക ഉപദേശങ്ങളെ കാണിക്കുന്നു. പത്ഥ്യോപദേശം എന്ന് ഒന്നുണ്ട്. 1തിമൊ. 1:10. അതാണ് കുറ്റമില്ലാത്ത ഉപദേശം. ഭൂതങ്ങളുടെ ഉപദേശം എന്ന വിപരീതമുണ്ട്. 1തിമൊ. 4:1. ദൈവികമല്ലാത്തത് എന്നർത്ഥം. ഇന്ന് അത് ലോക വ്യാപകമായിക്കഴിഞ്ഞു. സദുപദേശം (good doctrine) തെറ്റില്ലാത്തത് എന്ന് ഇതിനെ വിശേഷിപ്പിക്കാം. നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക. (1തിമൊ. 4:16). സ്വന്തഭദ്രതയും മറ്റുള്ളവരുടെ ഭദ്രതയും ആഗ്രഹിക്കുന്നവർ ഇത് ചെയ്യുന്നു.

വചനത്തിലും ഉപദേശത്തിലും അദ്ധ്വാനിക്കുന്നവർ എന്ന പ്രയോഗം നോക്കുക. 1തിമൊ. 5:17. വചനത്തിൽ നിന്ന് ഉപദേശിക്കുന്നത് ശരിയായ അദ്ധ്വാനമാകുന്നു. ദാസന്മാരായി സേവചെയ്യുന്നവർ ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കേണ്ടതാണ്. 1തിമൊ. 6:1. ഭക്തിക്കൊത്ത ഉപദേശമുണ്ട്. 1തിമൊ. 6:3. ഉപദേശം ദൈവഭക്തിക്ക് ഒത്തത് ആയിരിക്കണം. വചനത്തിന്റെ ദൈവശ്വാസീയത ഉപദേശത്തിന് അടിസ്ഥാനമാകുന്നു. 2തിമൊ. 3:16. ഉപദേശത്തിൽ നിർമ്മലത വേണം. തീത്തോ. 2:8. പഠിപ്പിച്ച ഉപദേശരൂപം ഉണ്ട്. റോമർ 16:17. പൗലോസ് ഉപദേശമായിട്ട് സംസാരിക്കുന്നു. 1കൊരി. 14:6,26. വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ആരും നിങ്ങളെ വലിച്ചുകൊണ്ടുപോകരുത് എന്ന് എബ്രായർ 13:9–ൽ വായിക്കുന്നു. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർകടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല. 1യോഹ. 9–ാം വാക്യം. ആത്മീയ നിരീശന്മാർ എന്ന് ഇങ്ങനെയുള്ളവരെ വിളിക്കാവുന്നതാണ്. ഉപദേശമാണ് ഒരു ക്രി സ്തീയ വിശ്വാസിയെ നിരീശ്വത്വത്തിൽ നിന്നും രക്ഷിക്കുന്നത്.

സഭകൾ ഫണ്ടമെന്റൽ ദൈവശാസ്ത്രത്തിൽ എത്തണമെന്നാണ് ദൈവം പ്രതീക്ഷിക്കുന്നത്. അപ്പൊസ്തല കാലത്ത് സത്യം സത്യമായിത്തന്നെ വിശ്വസിച്ചിരുന്നു. വ്യക്തിപരമായി സത്യം ഏറ്റെടുക്കുന്ന ഉപദേശമാണ് ദൈവം നൽകിയത്. അതുകൊണ്ടാണ് പെന്തെക്കോസ്തു ദിവസത്തിൽ പത്രോസ് ഒൻപത് ഉപദേശങ്ങൾ ഒരു ശ്വാസത്തിൽ എന്നപോലെ കരിഗ്മ രൂപത്തിൽ (വിളംബരം) പ്രഖ്യാപിച്ചത്. നോക്കുക, മാനസാന്തരം ഒന്നാമതായി വരുന്നു. അറിയേണ്ടത് അറിയുക എന്നതാണ് മാനസാന്തരം (പ്രവൃത്തി 17:30). അമൂല ഭാഷയ നുസരിച്ച് ചിലയിടങ്ങളിൽ സുബുദ്ധിയിൽ മടങ്ങിവരിക എന്നും ആശയമുണ്ടെന്ന് ഡോക്ടർ ആഡം ക്ലാർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായി 3:2 നോക്കുക. പിതാവിന്റെ ഭവനം വിട്ടുഴലുന്ന മുടിയനായ പുത്രന് സുബോധം വന്നു എന്ന് വായിക്കുന്നുവല്ലോ. ദൈവത്തിങ്കലേക്കുള്ള മാനസാന്തരം എന്ന് പൗലോസ് പറ ഞ്ഞത് ഇവിടെ ശ്രദ്ധേയമാണ് (പ്രവൃത്തി 20:21).

പാപമോചനം എന്ന് പത്രോസ് പറഞ്ഞത് മാനസാന്തര ഫലത്തിൽ ആകുന്നത് മോചനം പ്രാപിക്കുമ്പോഴാകുന്നു എന്ന് തെളിയിക്കുകയാണ്. അങ്ങനെയുള്ളവർക്കാണ് സ്നാനം. യേശുക്രിസ്തുവിനോട് ചേരുക എന്നാണല്ലോ സ്നാനത്തിന്റെ പ്രധാന അർത്ഥം. (റോമർ 6:7). അവർക്കാണ് ആത്മദാനം വാഗ്ദത്തം ചെയ്തിരിക്കുന്നത്. ഈ വക്രതയുള്ള തലമുറയിൽ നിന്നും രക്ഷിക്കപ്പെടുക എന്നു പറഞ്ഞാൽ വേർപാട് ജീവിതമാണ് (പ്രവൃത്തി 2:40). അടുത്തത് അപ്പൊസ്തലിക ഉപദേശമാണ്. തുടർന്ന് പ്രവൃത്തികളുടെ പുസ്തകത്തിലും ലേഖനങ്ങളിൽ എല്ലാം കുറിച്ചിരിക്കുന്നതാണ് അപ്പൊസ്തലിക ഉപദേശം. കൂട്ടായ്മ എന്നതിന് കൊയ്നോനിയ എന്ന് പറയുന്നു. പങ്കിടുക എന്നാണ് അതിന് അർത്ഥം. സന്തോഷ അവസരങ്ങളും ദുഃഖവേളകളും വിശ്വാസികൾ തമ്മിൽ തമ്മിൽ പങ്കിടണമെന്നർത്ഥം. ആരാധനയാണ് അതിൽ മുഖ്യമായത്. തുടർന്ന് പറഞ്ഞിരിക്കുന്നത് അപ്പം നുറുക്കാണ്. മൂന്ന് ചിന്താപീഠങ്ങൾ പിൽക്കാലത്ത് ഉണ്ടായി എന്ന് സഭാചരിത്രം പറയുന്നു. വസ്തുമാറ്റ ഉപദേശം, സാന്നിദ്ധ്യ അനുഭവ ഉപദേശം, ഓർമ്മയുടെ ശുശ്രൂഷ എന്ന ഉപദേശം. പ്രാർത്ഥിച്ച് ഭക്ഷിക്കുമ്പോഴും അപ്പം അപ്പമായും, വീഞ്ഞ് വീഞ്ഞായും ഇരിക്കുന്നു എന്നാണ് പൗലോസ് പറയുന്നത് (1 കൊരി. 11:26). ഒൻപതാമത്തെ അടിസ്ഥാന ഉപദേശമാണ് പ്രാർത്ഥന. യഥാർത്ഥത്തിൽ പ്രാർത്ഥന നാലു സന്ദർഭങ്ങളായി പഠിക്കാം. ഒന്ന് രഹസ്യ പ്രാർത്ഥന. വ്യക്തി തനിയെ ദൈവത്തോട് പ്രാർത്ഥിക്കുന്നതാണ് ഇത്. ഏറ്റം ദൈർഘ്യമുള്ള പ്രാർത്ഥന ഇതാണ്. രണ്ട് അനർഗ്ഗള പ്രാർത്ഥന. ജീവിതത്തിന്റെ എല്ലാ സന്ദർഭങ്ങളിലും ഇടമുറിയാതെ തുടരുന്ന പ്രാർത്ഥനയാണിത്. മൂന്ന് കുടുംബ പ്രാർത്ഥന. ഗൃഹനാഥനും കുടുംബാംഗങ്ങളും ഒത്തുചേർന്നുള്ള പ്രാർത്ഥനയാണിത്. ഏറ്റം വിവേകപൂർവ്വം നടത്തേണ്ടതാണ് ഈ പ്രാർത്ഥന. നാലാമത് പരസ്യപ്രാർത്ഥന. ഹ്രസ്വവും രുചികരവുമായിരിക്കണം പരസ്യപ്രാർത്ഥന.

അടിസ്ഥാന ഉപദേശങ്ങളുടെ എണ്ണത്തിൽ ദൈവിക തെരഞ്ഞെടുപ്പ്, ദത്തെടുപ്പ്, മുൻനിയമനം, വീണ്ടെടുപ്പ്, മുൻനിർണ്ണയം, ദൈവികജ്ഞാനം, വിവേകം (എഫേ. 1:3–23), പുതുജനനം, നീതീകരണം, ശുദ്ധീകരണം, വിശ്വാസം, നിത്യരക്ഷ, തേജസ്ക്കരണം, ന്യായവിധി തുടങ്ങിയ നിരവധി അടിസ്ഥാന ഉപദേശങ്ങൾ അപ്പൊസ്തലിക ഉപദേശത്തിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്.

സഭാ തിരുവചനവും മാനുഷ കല്പനകളും കൂട്ടിച്ചേർക്കുവാൻ ദൈവാനുമതി ഇല്ല. ‘സഭ’ പദത്തിന്റെ നിർവ്വചനത്തിൽ തന്നെ തെറ്റുപറ്റി. രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ് സഭ. അത് ക്രിസ്തീയ ഭവനത്തിൽ ജനിക്കുന്നവർ എല്ലാം തെറ്റിലേക്ക് വന്നു. ജന്മപാപം എന്ന തെറ്റായ ഉപദേശം സഭയിൽ വന്നുകയറി. ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു എന്ന് കുറ്റവാളിയായ ദാവീദ് ഏറ്റു പറയുന്നത് തെറ്റിദ്ധരിച്ചാണ് ജന്മപാപം എന്ന ഉപദേശം ഉണ്ടായത്. യിശ്ശായിയും ഭാര്യയും കുടുംബ ജീവിതം നയിക്കവെ ദാവീദ് ജനിച്ചു. അത് എങ്ങനെയാണ് പാപമാകുന്നത്. ദാവീദിന് ഊരിയാവിന്റെ ഭാര്യയിൽ ഉണ്ടായ മകൻ മരിച്ചപ്പോൾ ഞാൻ അവന്റെ അടുക്കലേക്ക് പോകയല്ലാതെ

അവൻ എന്റെ അടുക്കലേക്ക് മടങ്ങി വരികയില്ല എന്നാണല്ലോ പറഞ്ഞത്. അവർ ഇരിവരും ഒരുമിക്കുന്നത് പറുദീസയല്ലേ? എങ്കിൽ കുട്ടിക്ക് ജന്മപാപം ഉണ്ടാ? യേശു ഒരു ശിശുവിനെ ശിഷ്യന്മാരുടെ നടുവിൽ നിർത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്ന് പറഞ്ഞു ശിശുക്കളെ തടയരുത്. മത്തായി 18:3. മർക്കോ 10:13–16. പൂർവ്വപാപം സമ്പൂർണ്ണ അധഃപതനത്തിന് ഇടയാക്കിയതിനാൽ ഞാൻ ജനിച്ച സാഹചര്യം പാപം നിറഞ്ഞതാകുന്നു എന്നാണ് ദാവീദ് പറഞ്ഞത്. ജന്മപാപം എന്ന് പറയാൻ ഒന്നുമില്ല. ഒരു കുട്ടി വളർന്ന് ശരിയും തെറ്റും തിരിച്ചറിയുന്ന സമയം മുതലാണ് അവർ പാപം ചെയ്യുന്നത്. ശരിയെ തള്ളി തെറ്റ് ചെയ്യുന്നതാണ് പാപം. ജന്മപാപം എന്ന ഒന്ന് കെട്ടിച്ചമച്ച് പാപമോചനത്തിനായി ശിശുസ്നാനം ഏർപ്പെടുത്തിയവർ മാനസാന്തരം, പുതുജനനം, നീതീകരണം തുടങ്ങിയ അടിസ്ഥാന ഉപദേശങ്ങൾ മനസ്സോടെ മറന്നു കളഞ്ഞു എന്ന കുറ്റം വഹിക്കേണ്ടി വരും. അതുപോലെ സഭയുടെ അദ്ധ്യക്ഷവൃന്ദം തിരുവചനം പഠിപ്പിക്കാത്ത സ്ഥാനങ്ങളും വസ്ത്രങ്ങളും സങ്കല്പിച്ചുണ്ടാക്കി സഭാജനങ്ങളെ ഭരിക്കുന്ന സമ്പ്രദായം, 'സഭ' എന്നത് കെട്ടിടമായി കാണുന്ന ഭൗതിക ചിന്ത, പുറജാതീയ ഉപദേശങ്ങളും ആചാരങ്ങളും പകർത്തുന്നത്, മരണാന്തര ജീവിതത്തെക്കുറിച്ച്, ദൈവാശ്വാസീയമല്ലാത്ത അപ്പോക്രമയിൽ നിന്നും ഉദ്ധരിച്ചു കൊണ്ട് ഉണ്ടാക്കിയ ശുദ്ധീകരണ സ്ഥലത്തിന്റെ വസ്തുമാറ്റ ഉപദേശം തുടങ്ങിയവ ക്രൈസ്തവരെ അടിച്ചേല്പിക്കുന്ന അദ്ധ്യക്ഷാധിപത്യ ഭരണത്തെ ദൈവക്കോടതി ചോദ്യം ചെയ്യുന്ന ദിവസം വരുന്നു. കാത്തലിക്ക് തിയോളജിയും ഗ്രീക്ക് ഓർത്തഡോക്സ് തിയോളജിയും തുല്യ ശിക്ഷ അനുഭവിക്കേണ്ടി വരും.

പ്രൊട്ടസ്റ്റന്റ് തിയോളജി എന്ന് അറിയപ്പെടുന്നത് ശക്തമായ ഒന്നുതന്നെ. പക്ഷെ ദൈവവചനത്തിലെ കല്പനകളിൽ പ്രധാനമായ ഒന്നായ വിശ്വസിച്ചനന്തരമുള്ള സ്നാനം തള്ളിക്കളഞ്ഞ് ശിശുസ്നാനത്തിൽ തുടരുന്നതും, അപ്പ വീഞ്ഞുകൾ എടുത്ത് പ്രാർത്ഥിക്കുമ്പോൾ അവയ്ക്ക് വസ്തുമാറ്റം സംഭവിക്കുമെന്ന കാത്തലിക്ക് ചിന്തയെ അല്പം വ്യത്യാസപ്പെടുത്തി കർത്താവിന്റെ അദൃശ്യ സാന്നിദ്ധ്യവാദം ഉന്നയിക്കുന്നതും, പട്ടത്വവേഷവും പള്ളി ആചാരങ്ങളും ദൈവകോടതി ശ്രദ്ധിക്കുന്നുണ്ട്.

യാഥാസ്ഥിതിക ദൈവശാസ്ത്രം (Conservative Theology) വളരെ അഭികാമ്യമായിരിക്കുന്നു. പക്ഷെ തിരുവെഴുത്തുകളുടെ സമ്പൂർണ്ണ ഉപദേശം പഠിപ്പിക്കുന്നില്ല എന്ന കുറ്റം അവർ വഹിക്കേണ്ടി വരും. പരിശുദ്ധാത്മ പ്രവർത്തനം നിന്നുപോയി എന്ന് വ്യാഖ്യാനിച്ച് അനവരതമായ ആത്മീയ അനുഭവങ്ങളെ തള്ളിക്കളയുന്ന കുറ്റത്തിൽ നിന്നും മാറേണ്ടതാണ്.

ഇത്രയും കുറ്റകൃത്യങ്ങൾ പല സമൂഹങ്ങളിൽ ഉണ്ടായതിനാൽ സ്വതന്ത്രദൈവശാസ്ത്രം അഥവാ Liberal Theology തല പൊക്കുവാൻ ഇടയായി. ബൈബിളിലെ അത്ഭുതങ്ങൾ, ദൈവത്തിന്റെ ദാനമായ വലിയ രക്ഷ, ക്രിസ്തുയേശുവിൽ മാത്രമുള്ള വീണ്ടെടുപ്പ്, നീതീകരണം, ശുദ്ധീകരണം, വേർപാടു ജീവിതം എല്ലാം മറന്നുകളഞ്ഞവരാണ് ലിബറൽസ്. അവരുടെ കൈയ്യിലാണ് ദൈവശാസ്ത്രമെന്ന് ഒരുപക്ഷെ അവർ അഭിമാനിക്കുന്നുണ്ടാവാം. ദൈവവചനത്തിന്റെ അക്ഷരപ്രകാരമുള്ള ദൈവശ്വാസീയത വിശ്വസിക്കുന്ന സത്യവിശ്വാസിയാണ് ക്രിസ്ത്യാനി.

ഒടുവിലായി ലിബറേഷൻ തിയോളജി (വിമോചന ദൈവശാസ്ത്രം) രാഷ്ട്രീയ മുഖച്ഛായയോടുകൂടി രംഗത്ത് വന്നരിക്കയാണ്. യേശുക്രിസ്തു ഒരു രാഷ്ട്രീയ വിപ്ലവകാരി, ദൈവരാജ്യം ഇന്നനുഭവിക്കുന്ന സമത്വസുന്ദരമായ അനുഭവം എന്നിങ്ങനെ ആധുനിക തലമുറയ്ക്ക് പ്രചോദനം പകരുന്ന മുദ്രാവാക്യങ്ങളോടുകൂടി അത് ശക്തി പ്രാപിച്ചു വരുന്നു. മറ്റു പല തിയോളജികളും ഇന്ന് കുരുത്തു വന്നിട്ടുണ്ട്. അവ ശക്തിപ്പെടു കയില്ല.

ക്രൈസ്തവസഭയുടെ ആദിമുതൽ സത്യത്തിന്റെ പക്ഷത്ത് ഒരു ന്യൂനപക്ഷം നിൽക്കുന്നു. ദൈവം അതിനെ പരിപാലിക്കുന്നു. വചനം കാക്കുന്ന ഈ വിശ്വാസത്തിന് അടിസ്ഥാനദൈവശാസ്ത്രം (Fundamental Theology) എന്ന് പറയാം. അടിസ്ഥാന സത്യങ്ങൾ ഒന്നും വിട്ടുകളയാതെ ഒന്നിനും പകരം വയ്ക്കാതെ വചനം പറയുന്ന ലളിത ചിന്തയിൽ അവ പഠിപ്പിക്കയും പഠിക്കയും ചെയ്യുന്നതാണ് ഫണ്ടമെന്റൽ തിയോളജി. ആശയ ഐക്യം വരാൻ കഴിയാത്ത ഏതാനും ചിന്തകൾ ഇതിൽ ഉണ്ടെന്ന യാഥാർത്ഥ്യം നാം മറക്കുന്നില്ല. എങ്കിലും സത്യത്തിന്റെ പക്ഷത്ത് നിൽക്കുന്നവർ ഒന്നായി തുടരണം. ദൈവീക നിർണ്ണയം, മുൻനിയമനം, മുൻ അറിവ്, തെരഞ്ഞെടുപ്പ്, വീണ്ടെടുപ്പ്, വിശ്വാസം, പുതുജനനം, ദത്തവകാശം, നീതീകരണം, ശുദ്ധീകരണം, തേജസ്ക്കരണം എല്ലാം പെന്തക്കോസ്തു ദിവസം പത്രോസ് പ്രസംഗിച്ച ഒൻപതു സത്യങ്ങളോട് ചേർത്ത് പഠിക്കയും പഠിപ്പിക്കയും വേണം. അപ്പോൾ അടിസ്ഥാന ദൈവശാസ്ത്രം സമ്പൂർണ്ണതയിൽ എത്തും.

**MGM Ministries-Article Source:** **trumpetmagazine.com/read.aspx?lang=2&id=2&mid=25**